# പ്രപഞ്ചവിസ്മയങ്ങളിലേക്ക് ജോർജിന്റെ രഹസ്യത്താക്കോൽ

സ്റ്റീഫൻ & ലൂസി ഹോക്കിങ്

ശാസ്ത്രജ്ഞനായ എറിക്കിന്റെ വീട്ടിലേക്ക് അതിക്രമിച്ചു കയറിയ തന്റെ കുസൃതിയായ പന്നിക്കുട്ടിയെ പിന്തുടർന്ന് അവിടേക്കെത്തുന്ന ജോർജിനു കിട്ടുന്നതാകട്ടെ പ്രപഞ്ചവിസ്മയങ്ങളിലേക്ക് കടക്കാനൊരു താക്കോൽ- ലോകത്തിലെ ഏറ്റവും ബുദ്ധിമാനായ സൂപ്പർ കമ്പ്യൂട്ടർ കോസ്മോസ്. ഒരു ഞൊടിയിടയിൽ പ്രപഞ്ചത്തിലെവിടേയും ആരേയും എത്തിക്കാൻ കഴിവുള്ള കോസ്മോസിന്റെ സഹായത്തോടെ ജോർജും എറിക്കിന്റെ മകൾ ആനിയും കൂടി ബഹിരാകാശത്ത് എത്തുന്നു. എന്നാൽ ആ കമ്പ്യൂട്ടർ സ്വന്തമാക്കാൻ പരിശ്രമിക്കുന്ന ചിലരുടെ പ്രവർത്തനങ്ങളാൽ അവർ അവിടെ തമോഗർത്തങ്ങൾക്കു മുന്നിൽ അകപ്പെടുന്നു.

പ്രപഞ്ചത്തെക്കുറിച്ചും തമോഗർത്തങ്ങളെക്കുറിച്ചുമുള്ള ഏറ്റവും പുതിയ വിവരങ്ങൾകൂടി ഉൾച്ചേർത്തിരിക്കുന്ന ഉദ്വേഗജനകമായ ശാസ്ത്രനോവൽ.

വിവർത്തനം: എൻ എസ്. അരുൺകുമാർ

വിഖ്യാത ശാസ്ത്രകാരൻ സ്റ്റീഫൻ ഹോക്കിങ്ങും മകൾ ലൂസി ഹോക്കിങ്ങും ചേർന്നെഴുതിയ ആദ്യ നോവൽ. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ വായിക്കാവുന്നത്.

ഡിസിബുക്സ്
www.dcbooks.com
ISBN 978-81-264-2563-1
9 788126 425631 00002
നോവൽ
₹ 240

പ്രപഞ്ചവിസ്മയങ്ങളിലേക്ക് ജോർജിന്റെ രഹസ്യത്താക്കോൽ
ലൂസി & സ്റ്റീഫൻ ഹോക്കിങ്
dcb




# പ്രപഞ്ചവിസ്മയങ്ങളിലേക്ക് ജോർജിന്റെ രഹസ്യത്താക്കോൽ

GEORGE'S SECRET KEY TO THE UNIVERSE

C8M3 HAW/P
CASMVK
1197

ലൂസി & സ്റ്റീഫൻ
ഹോക്കിങ്

dcb

e Library TVK

C8M3 HAW/P
CASMTVK
1197

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1197 .................... Call No. 1197 ....................

This book should be returned on or before the date last given below.

15-037
24 JUL 2018

MALAYALAM LANGUAGE
ORIGINAL ENGLISH TITLE
George's Secret Key To The Universe

LITERATURE/NOVEL
*by* Lucy Hawking, Stephen Hawking and Christophe Galfard

MALAYALAM TITLE
Prapancha Vismayangalilekku Georginte Rahasyathakkol

*Translated by* N. S. Arunkumar
Text © Lucy Hawking 2007
First Published in English by Random House Children's Books in 2007
This edition was published by arrangements with
RANDOM HOUSE CHILDREN'S BOOKS

Rights Reserved
First Published December 2009
2nd impression March 2015

ILLUSTRATIONS
Garry Parsons
Illustrations/Diagrams Copyright © Random House Children's Books, 2007
(Diagrams by Dynamo Design)
The right of Lucy Hawking to be identified as the author of this
work has been asserted in accordance with the copyright Designs and Patents Act 1988

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books

Export Sales D C Press (P) Ltd., Kottayam, Kerala

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Hawking, Lucy.
Prapancha vismayangalilekku Georginte rahasyathakkol/
Lucy Hawking ...[et. al];
Malayalam translation/N.S. Arunkumar.
300 p., 21 cm.
ISBN 978-81-264-2563-1.
Malayalam translation of 'Georges secret key to the universe.'
1. English novel. 2. Malayalam translation.
I. Title. II. Title-English. III. Hawking, Lucy. IV. Hawking, Stephen.
V. Galfard, Christophe. VI. Arunkumar, N. S.
823-dc 22.

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-81-264-2563-1

Printed in India
at D C Press (P) Ltd., Kottayam 686 012

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

₹ 240.00

952/14-15-Sl.No. 14328-dcb 4240-2000 (2)-5303-03-15-Spb. 18.1-p en-r pm-d hm

വില്യമിനും ജോർജിനും
സ്നേഹത്തോടെ

# അധ്യായം 1

“പന്നികൾ താനേ അപ്രത്യക്ഷമാവില്ലല്ലോ!” പന്നിക്കൂട്ടിലെ ശൂന്യതയിലേക്ക് തുറിച്ചുനോക്കിക്കൊണ്ട് ജോർജ് തന്നോടുതന്നെ പറഞ്ഞു. ഇനി കാഴ്ചയിലെ എന്തെങ്കിലും മറിമായംകൊണ്ടാണോ ഇങ്ങനെ തോന്നുന്നത്? കണ്ണുകൾ അടയ്ക്കുകയും തുറക്കുകയും ചെയ്തുകൊണ്ട് അവൻ വീണ്ടും പന്നിക്കൂട്ടിലേക്ക് നോക്കി. ഇല്ല! പന്നിക്കുട്ടി അവിടെ ഇല്ലതന്നെ. ചെളി നിറഞ്ഞതും ഇളം ചുവപ്പുനിറമുള്ളതുമായ തന്റെ പന്നിക്കുട്ടിയുടെ തടിച്ച ശരീരം അവിടെയെങ്ങും കാണാനില്ല. നന്നായി നോക്കിയപ്പോൾ ജോർജിന്റെ പരിഭ്രമം ഇരട്ടിയാക്കുന്ന ഒന്നുകൂടി ശ്രദ്ധയിൽപ്പെട്ടു. പന്നിക്കൂടിന്റെ വാതിൽ തുറന്നുമലർത്തിവച്ചിരിക്കുന്നു. അതിനർത്ഥം, ആരോ അത് ശരിക്ക് അടയ്ക്കാൻ മറന്നു എന്നാണ്. അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ, അത് മിക്കവാറും താൻ തന്നെയാവണം.

“ജോർജീ!” അടുക്കളയിൽനിന്നും അമ്മ വിളിക്കുന്ന ശബ്ദം അവൻ കേട്ടു: “ഞാൻ അത്താഴത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങാൻ പോവുകയാണ്. കളികൾക്കായി നിനക്കിനിയും ഒരു മണിക്കൂറേ ബാക്കിയുണ്ടാവൂ. നീ ഹോംവർക്ക് ചെയ്തുകഴിഞ്ഞോ?”

“എപ്പൊഴേ കഴിഞ്ഞു.” കളിയുടെ രസത്തിലാണെന്ന് തോന്നിപ്പിക്കുമാറ് അവൻ ഉറക്കെ വിളിച്ചുപറഞ്ഞു.

“നിന്റെ പന്നിക്കുട്ടി എന്തു ചെയ്യുന്നു?” വീണ്ടും അമ്മയുടെ സ്വരം.

“ഓ! അവൻ സുഖമായിരിക്കുന്നു.” പരമാവധി ഉച്ചത്തിലാണ് ജോർജ് അതു പറഞ്ഞത്. ഒപ്പം, അസാധാരണമായി ഒന്നും സംഭവിച്ചിട്ടില്ലെന്ന് വരുത്താൻ പന്നിക്കുട്ടിയുടെ ശബ്ദം അനുകരിക്കാനും ചില ശ്രമങ്ങൾ നടത്തി. വീടിനു പുറകുവശത്തുള്ള തോട്ടത്തിലാകെ ഒരു പരിശോധന നടത്താൻ അവൻ തീരുമാനിച്ചു. പലതരം പച്ചക്കറികൾ വളർന്നിരുന്ന അവിടെ, പക്ഷേ പ്രത്യേകിച്ച് ഒന്നും കണ്ടെത്താൻ ജോർജിന് കഴിഞ്ഞില്ല. എല്ലാം, പഴയപടിയായിരുന്നു—പന്നിക്കൂട്ടിനുള്ളിലുണ്ടായിരുന്ന തന്റെ പന്നിക്കുട്ടിയൊഴിച്ച്. ഇനി, അമ്മ ഇങ്ങോട്ടേക്കെങ്ങാനും വന്നാലോ എന്നാലോചിച്ചപ്പോൾ അവന് വീണ്ടും പേടി തോന്നി. അതുകൊണ്ട് പന്നിക്കുട്ടിയുടെ തുമ്മലും ചീറ്റലും അവൻ